പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1129 30.09.2016 -ൽ മറുപടിക്ക്

## തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ പി.ഡബ്ല്യു.ഡി. യുടെ അധീനതയിലുള്ള മാങ്ങാട്മൊട്ട എന്ന സ്ഥലത്ത് തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ? | (എ) | കണ്ണൂർ ജില്ലയിൽപ്പെട്ട കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള മാങ്ങാട് മൊട്ട എന്ന സ്ഥലത്ത് തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ബഹു. കല്ല്യാശ്ശേരി എം.എൽ.എ മുഖാന്തരം സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ മ്യൂസിയം മൃഗശാല ഡയറക്ടർ 07.08.2016 ന് നിർദ്ദിഷ്ട സ്ഥലം നേരിട്ട് പരിശോധിച്ച് തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് തുറമുഖ പുരവസ്തു മ്യൂസിയം മന്ത്രി ബഹു.കല്ല്യാശ്ശേരി എം.എൽ.എ, ശ്രീ.ടി.വി. രാജേഷ്, കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവരുമായി വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടി 1.25 ഏക്കർ സ്ഥലത്തിന്റെ രേഖകൾ കടന്നപ്പള്ളി വില്ലേജിൽ പരിശോധിച്ച് മ്യൂസിയവും മൃഗശാലാ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കണ്ണൂർ ജില്ലാ കളക്ടർക്ക് 16.08.2016 ൽ കത്ത് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലാ കളക്ടർ ടി നിർദ്ദിഷ്ട സ്ഥലം മ്യൂസിയവും മൃഗശാലാ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ടി വിഷയത്തിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ